**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല — ഉറവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.ഡി. നാരായണനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

===

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.389/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 08.02.2018

===

പരാമർശം: 1. ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയുടെ സി.സി. 5/2004-ന്മേലുള്ള 20.02.2007-ലെ വിധിന്യായം

2. സർക്കാരിന്റെ 07.09.2007-ലെ 26832/ഇപിബി2/2007/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ബഹു. ഹൈക്കോടതിയുടെ ക്രിമിനൽ അപ്പീൽ നം.480/2007-ന്മേലുള്ള 26.10.2015-ലെ വിധിന്യായം

4. പഞ്ചായത്ത് ഡയറക്ടറുടെ 26.08.2017-ലെ ഡി2-18121/2002 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. പി.ഡി. നാരായണൻ എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ കിടങ്ങൂർ യെൽദോ മാർ ബസേലിയോസ് യാക്കോബ സിറിയൻ ഓർത്തഡോക്സ് പള്ളി വികാരിയിൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ടു എന്ന കുറ്റം ചുമത്തി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC2/02/EKM നമ്പറായി രജിസ്റ്റർ ചെയ്ത കേസ്സിൽ ടിയാനെ 3 വർഷം കഠിന തടവിനും 20,000/- രൂപ പിഴയും ശിക്ഷിച്ച് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ശ്രീ. പി.ഡി. നാരായണൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.സി.എസ്(സിസി&എ) പ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ കെ.എസ്.ആർ പാർട്ട് 3 റൂൾ 2 (എ) (ബി)59(ബി) എന്നിവ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3 വർഷത്തേക്ക് 250/- (ഇരുന്നൂറ്റി അമ്പത്) രൂപ മാത്രം കുറവ് ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിക്കാതിരിക്കുന്നതിന് മതിയായ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് ടിയാന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ പരാമർശം (1) വിധിന്യായത്തിനെതിരായ അപ്പീൽ ബഹു. ഹൈക്കോടതി പരിഗണനയിലായതിനാൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തരുതെന്ന് ശ്രീ. പി.ഡി. നാരായണൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന ക്രിമിനൽ അപ്പീൽ നം.480/07 തീർപ്പായ ശേഷം വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ക്രിമിനൽ അപ്പീൽ ബഹു. ഹൈക്കോടതി പരിഗണിക്കുകയും അപ്പീൽ അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതായും പ്രസ്തുത

വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ പോകുവാനുള്ള സാധ്യതയില്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതി, കീഴ്കോടതി വിധി സസ്പെന്റ് ചെയ്തിട്ടുള്ളതിനാൽ ശ്രീ. പി.ഡി. നാരായണനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. പി.ഡി. നാരായണൻ, മുൻ സെക്രട്ടറി, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്
3. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/225/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ